# THE COASTAL REGULATION ZONE (CRZ) NOTIFICATION 2011

A primer for coastal fishing communities

in Malayalam



June 2011

# തീര നിയന്ത്രണ മേഖലാ (CRZ)
# വിജ്ഞാപനം - 2011

## തീരദേശ മത്സ്യത്തൊഴിലാളി സമൂഹത്തിനായി ഒരു പ്രാഥമിക വിവരണം

### ആമുഖം

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ശ്രീ. ജയറാം രമേശ് 2011 ജനുവരി 6-ാം തീയതി തീര നിയന്ത്രണ മേഖലാ (CRZ) വിജ്ഞാപനം - 2011 പുറത്തിറക്കി. 1991 ലെ തീര നിയന്ത്രണമേഖലാ (CRZ) വിജ്ഞാപനം പരിഷ്കരിക്കുന്നതിനുള്ള കൂടിയാലോചന പ്രക്രിയകൾക്ക് 2011 ലെ വിജ്ഞാപനത്തോടെ അന്ത്യമായി. മത്സ്യത്തൊഴിലാളി സമൂഹവും പരിസ്ഥിതി വാദികളും ഈ പ്രക്രിയയിൽ വർദ്ധിച്ച പ്രതീക്ഷയാണ് വച്ച് പുലർത്തിയിരുന്നത്.

മത്സ്യത്തൊഴിലാളി സമൂഹത്തിനും അവരെ സഹായിക്കുന്ന സംഘടനകൾക്കും 2011 ലെ വിജ്ഞാപനത്തിന്റെ ഉള്ളടക്കത്തെപ്പറ്റി അവബോധം ഉണ്ടാക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹ സംഘടനകളിൽ ഇനിയും നിലനില്ക്കുന്ന ആശങ്കകളും തീര പരിസ്ഥിതി സംരക്ഷണത്തിന് അവർ വഹിക്കേണ്ട പങ്ക് ഉറപ്പു വരുത്തുന്നതിനും വേണ്ടിയാണ് ഈ അടിസ്ഥാന വിവരണരേഖ തയ്യാറാക്കിയിരിക്കുന്നത്.

ഈ വിജ്ഞാപനത്തിന്റെ സന്ദർഭം, മത്സ്യത്തൊഴിലാളി സമൂഹത്തിന് സഹായകമായതും എതിരായതുമായ വ്യവസ്ഥകൾ, തീരുമാന രൂപീകരണം, അവലോകനം, നടപ്പാക്കൽ എന്നിവയിൽ മത്സ്യത്തൊഴിലാളി സമൂഹം വഹിക്കേണ്ട പങ്ക് എന്നിവ ഈ പ്രാഥമിക വിവരണത്തിന്റെ ഒന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ (ഇനിയും പൂർണ്ണരൂപമായിട്ടില്ല) 2011 വിജ്ഞാപനത്തിന്റെ ഉള്ളടക്കം, പ്രധാന വ്യവസ്ഥകൾ എന്നിവ വളരെ ലളിതമായി പ്രതിപാദിക്കുന്നു.

# ഭാഗം 1

## 1. എന്താണ് 2011 ലെ തീരനിയന്ത്രണ മേഖലാ വിജ്ഞാപനം ?

ഭാരത സർക്കാരിന്റെ 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിൻ കീഴിൽ പുറത്തിറക്കിയ തീര നിയന്ത്രണ മേഖലാ വിജ്ഞാപനം 2011 പ്രകാരം രാജ്യത്തെ തീരപ്രദേശവും, 12 നോട്ടിക്കൽ മൈൽ അതിർത്തി വരെയുള്ള ടെറിട്ടോറിയൽ കടൽ (അടിത്തട്ട് ഉൾപ്പെടെ) പ്രദേശവും വേലിയേറ്റ-വേലിയിറക്കം അനുഭവപ്പെടുന്ന ജലാശയങ്ങളും തീര നിയന്ത്രണ മേഖലായായി പ്രഖ്യാപിച്ചിരിക്കുന്നു. ഈ മേഖലയിൽ വ്യവസായങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രക്രിയകൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നു.

1991 ലെ തീര നിയന്ത്രണ മേഖല വിജ്ഞാപനത്തിനു പകരമായിട്ടാണ് 2011 ലെ തീരനിയന്ത്രണ മേഖലാ വിജ്ഞാപനം പുറത്തിറക്കിയിരിക്കുന്നത്. 1991 ലെ വിജ്ഞാപനത്തിന്റെ അന്തസത്തയ്ക്ക് നിരക്കാത്ത രീതിയിൽ പുറത്തിറക്കിയ 25 ഭേദഗതികളും 2011 ലെ പുതിയ തീര നിയന്ത്രണമേഖലാ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ ഇൻഡ്യയുടെ തീരസംരക്ഷണം അഭിവൃദ്ധിപ്പെടുത്തുന്നതിൽ നിന്ന് 2011 ലെ തീര നിയന്ത്രണ മേഖലാ വിജ്ഞാപനം ഒരു കാതം പിറകോട്ട് പോയിരിക്കുന്നു.

### <u>വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലക്ഷ്യങ്ങൾ</u>

- തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ഇതര തദ്ദേശ സമൂഹത്തിന്റെയും ഉപജീവന സുരക്ഷ ഉറപ്പാക്കുക.
- തീരപ്പരപ്പുകളേയും അവയുടെ കടൽ ഭാഗത്തിനേയും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക. ഇവയുടെ പ്രത്യേകതകൾ നിറഞ്ഞ പരിസ്ഥിതിയെ സംരക്ഷിക്കുക, പരിപാലിക്കുക.
- തീരപ്രദേശത്ത് സാധാരണ സംഭവിക്കുന്ന അപായ സാദ്ധ്യതകളും ആഗോളതാപനം മൂലമുള്ള കടൽനിരപ്പുയർച്ചയുമൊക്കെ കണക്കിലെടുത്ത് ശാസ്ത്രീയ തത്വങ്ങൾക്കനുസൃതമായി ഈ പ്രദേശത്ത് സ്ഥായിയായ വികസനം സാദ്ധ്യമാക്കുക.

തീര നിയന്ത്രണ മേഖലയെ 2011 വിജ്ഞാപനം 4 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

| | |
|---|---|
| തീരനിയന്ത്രണ മേഖല 1 | (പരിസ്ഥിതി ലോല പ്രദേശങ്ങൾ) |
| തീര നിയന്ത്രണ മേഖല 2 | വികസിത പ്രദേശങ്ങൾ |
| തീര നിയന്ത്രണ മേഖല 3 | ഗ്രാമ പ്രദേശങ്ങൾ |
| തീര നിയന്ത്രണ മേഖല 4 | ജലപ്രദേശങ്ങൾ - ടെറിട്ടോറിയൽ കടൽ പ്രദേശവും വേലിയേറ്റ - വേലിയിറക്ക ബാധിത ജലാശയങ്ങളും |

## 2. 1991 ലെ തീര നിയന്ത്രണമേഖല വിജ്ഞാപനവും 2011 ലെ തീര നിയന്ത്രണ മേഖല വിജ്ഞാപനവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ

- **ടെറിട്ടോറിയൽ ജലപ്രദേശത്തിന്റെ ഉൾപ്പെടുത്തൽ**

കടലിലേക്ക് 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജലപ്രദേശം (കടലിന്റെ അടിത്തട്ട് ഉൾപ്പെടെ) ചെറു ഉൾക്കടൽ, നദികൾ, അഴിമുഖങ്ങൾ എന്നിവപോലുള്ള വേലിയേറ്റ വേലിയിറക്കബാധിത പ്രദേശങ്ങൾ (അടിത്തട്ട് ഉൾപ്പെടെ) എന്നിവ 2011 ലെ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- **ദ്വീപുകൾക്ക് പ്രത്യേക വിജ്ഞാപനം**

ആന്തമാൻ / നിക്കോബാർ, ലക്ഷദ്വീപ് എന്നീ ദ്വീപ് പ്രദേശങ്ങളും, ഈ ദ്വീപുകളുടെ ടെറിട്ടോറിയൽ കടൽ പ്രദേശങ്ങളും 2011 ലെ വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്നില്ല. ഈ പ്രദേശങ്ങൾക്കു വേണ്ടി പ്രത്യേകമായി ഒരു ദ്വീപ് സംരക്ഷണ മേഖലാ വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ട്.

- **ആപൽ സാധ്യതാ രേഖ**

തീരദേശ സമൂഹത്തിന്റെ ജീവൻ, സ്വത്ത്, ഉപജീവനം, എന്നിവ കാത്തുസൂക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തീരവ്യതിയായങ്ങൾ, കടൽ നിരപ്പിന്റെ വർദ്ധനവ്, തിരമാലകൾ, എന്നിവ കണക്കിലെടുത്ത് ആപൽ സാധ്യതാ രേഖ എന്ന ആശയം അവതരിപ്പിച്ചിരിക്കുന്നു. തീര മേഖലാ പരിപാല പദ്ധതികളിൽ ആപൽ സാധ്യതാരേഖ രേഖപ്പെടു

ത്തേണ്ടതാണ്. കടൽ അഭിമുഖ പ്രദേശത്തെ ആപൽ സാധ്യതാ രേഖ കരഭാഗത്തേയ്ക്ക് 500 മീ പ്രദേശത്തിനു പുറത്തുവന്നാൽ ആ പ്രദേശവും വേലിയേറ്റ വേലിയിറക്ക ബാധിത ജല പ്രദേശത്തെ ആപൽ സാധ്യതരേഖ കരഭാഗത്തേയ്ക്ക് 100 മീ പ്രദേശ ത്തിനും പുറത്തു വന്നാൽ ആ പ്രദേശവും ഈ വിജ്ഞാപന പ്രകാരം തീരനിയന്ത്രണ മേഖലയാകുകയാണ്.

- **പ്രത്യേക പരിഗണന അർഹിക്കുന്ന പ്രദേശങ്ങൾ**

  1991 ലെ വിജ്ഞാപന പ്രകാരം മുഴുവൻ ഭാരത തീരത്തിന് പൊതു നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്. എന്നാൽ പരിസ്ഥിതി / സാമൂഹ്യ വിഷയങ്ങൾ പരിഗണിച്ച് ഗ്രേറ്റർ മുംബൈ, കേരളം, ഗോവ എന്നീ പ്രദേശങ്ങൾക്ക് 2011 വിജ്ഞാപനത്തിൽ ചില പ്രത്യേക ഇളവുകൾ അനുവദിച്ചിരിക്കുന്നു.

  1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമപ്രകാരം കണ്ടെത്തിയിട്ടുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളെ (ഉദാ : പശ്ചിമ ബംഗാളിലെ സുന്ദർബൻ) 2011 ലെ വിജ്ഞാപന ത്തിൽ സന്നിഗ്ധ ദുർബല തീരമേഖലകൾ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നു.

- **പ്രത്യേക സാമ്പത്തിക മേഖലകൾക്ക് അനുവാദമില്ല**

  2011 വിജ്ഞാപന പ്രകാരം തീര നിയന്ത്രണ മേഖലകളിൽ പ്രത്യേക സാമ്പത്തിക മേഖ ലകൾക്ക് അനുവാദമില്ല.

- **തീര നിയന്ത്രണമേഖല ക്ലിയറൻസ് (അംഗീകാരം)**

  തീര നിയന്ത്രണമേഖല ക്ലിയറൻസ് ലഭിക്കുന്നതിന് 1991 വിജ്ഞാപനത്തിൽ വ്യക്തമായ കാര്യക്രമമോ സമയ ക്രമമോ ഏർപ്പെടുത്തിയിരുന്നില്ല. മാത്രമല്ല അംഗീകാരത്തിനു അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക ഫോർമാറ്റ് ഒന്നും നിഷ്കർഷിച്ചിരുന്നില്ല. 2011 വിജ്ഞാപനത്തിൽ ഇവയെല്ലാം പ്രതിപാദിച്ചിരിക്കുന്നു.

- **നടപ്പാക്കൽ, നിരീക്ഷണം**

  വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനുള്ള മെക്കാനിസം 2011 വിജ്ഞാപനത്തിൽ ശക്തിപ്പെടുത്തിയിരിക്കുന്നു. കൂടാതെ അംഗീകാരങ്ങൾ ലഭ്യ മാക്കിയതിനു ശേഷമുള്ള നിരീക്ഷണ മെക്കാനിസവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

- **സുതാര്യത**

പൊതു കൂടിയാലോചനകൾക്കും സുതാര്യതാ വർദ്ധനവിനുമുള്ള ചില നടപടികൾ 2011 വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

- **കടലാക്രമണ ബാധിത പ്രദേശങ്ങൾ**

മനുഷ്യന്റെ ഇടപെടലുകൾ മൂലം കടൽ തീരശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, മുഴുവൻ തീരപ്രദേശത്തേയും തീവ്രബാധിത പ്രദേശങ്ങൾ, ഇടത്തര ബാധിത പ്രദേശങ്ങൾ, ഉറച്ച പ്രദേശങ്ങൾ എന്നിവയായിതരം തിരിച്ച് കടൽ തീരത്തെ ഷ്റ്റി വിശദമായ ശാസ്ത്രീയ പഠനം നടത്തുന്നതിനും, തീവ്രബാധിത കടലോരത്തിലെ വികസന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും 2011 വിജ്ഞാപനം വിഭാവന ചെയ്യുന്നു.

- **ചില പ്രത്യേക കാര്യങ്ങൾക്ക് വികസനരഹിത മേഖലയിൽ ഇളവ്**

<u>വികസനരഹിത മേഖലയിൽ ഇളവ്</u>

വികസന രഹിത മേഖലയിലെ 100-200 മീറ്റർ പ്രദേശത്ത് ചില ഉപാധികളോടെ പരമ്പരാഗത കടലോര സമൂഹത്തിന് വിശേഷിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിന് വാസ ഗൃഹങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുവാദം നല്കിയിരിക്കുന്നു.

## 3. 2011 വിജ്ഞാപനത്തിൽ എതിർക്കപ്പെടേണ്ട പ്രധാന വിഷയങ്ങൾ

- **തീരമുഖം ആവശ്യമില്ലാത്ത ചില പ്രവർത്തനങ്ങൾക്ക് അനുമതി.**

ജലമുഖവുമായി ബന്ധപ്പെടാത്തതും തീരമുഖം ആവശ്യമില്ലാത്തതുമായ പ്രവർത്തനങ്ങളായ മുംബെ ഗ്രീൻ ഫീൽഡ് വിമാനത്താവളം അണുശക്തി നിലയങ്ങൾ എന്നിവക്ക് 2011 വിജ്ഞാപനത്തിൽ തുടർന്നും അനുവാദം നല്കിയിരിക്കുന്നു.

- **താങ്ങുകാലുകളിലെ റോഡുകൾക്ക് അനുവാദം**

തീരനിയന്ത്രണ മേഖലയിൽ താങ്ങുകാലുകളിലെ റോഡുകൾക്ക് (ഇതെന്തെന്ന് വ്യക്തമായി പ്രതിപാദിയ്ക്കാതെ) അനുവാദം നല്കുന്നതിന് വ്യവസ്ഥ ഉണ്ട്. വളരെ

അവ്യക്തത നിറഞ്ഞ ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്തുന്നതിന് സാധ്യതയുണ്ട്. ഇതുവഴി പരിസ്ഥിതി ദുർബല പ്രദേശമായ കടലോരങ്ങളിൽ വൻകിട പദ്ധതികളായ അതിവേഗപാതകളും മേൽപ്പാതകളും നിർമ്മിക്കപ്പെടാൻ സാധ്യതയുണ്ട്. ഇത് ചെന്നൈ, മുംബൈ എന്നിവിടങ്ങളിൽ ഇപ്പോൾ തന്നെ നടപ്പിലാക്കുന്നുണ്ട്.

- **നാഷണൽ / സ്റ്റേറ്റ് ലെവൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികളിൽ മത്സ്യ ത്തൊഴിലാളി സമൂഹത്തിന് പ്രാതിനിധ്യം ഇല്ല.**

ദേശീയ സംസ്ഥാനതല തീരദേശ മാനേജ്മെന്റ് അതോറിട്ടികളിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രാതിനിധ്യം നല്കണമെന്ന് മത്സ്യത്തൊഴിലാളി സംഘടനകൾ വളരെ ക്കാലമായി വാദിച്ചിരുന്നു. തീരദേശ പ്രകൃതി വിഭവങ്ങളുടെ കൈവശക്കാരായ മത്സ്യ ത്തൊഴിലാളി സമൂഹത്തിന് തീരപരിപാലനത്തിലുള്ള ന്യായമായ പങ്ക് ഇതുമൂലം നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഈ വിജ്ഞാപനത്തിന്റെ നടത്തിപ്പിനും നിരീക്ഷണത്തിനുമായി ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ രൂപീകൃതമാകുന്ന ജില്ലാതല സമിതിയിൽ പ്രാദേശിക പരമ്പരാഗത സമൂഹത്തിന് (വിശേഷിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിന്) ഈ വിജ്ഞാപനം വഴി പ്രാതിനിധ്യം അനുവദിച്ചിട്ടുണ്ട്.

- **വികസനരഹിത മേഖലയിൽ നിർമ്മാണ / പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് അനു വാദം നല്കുന്നത് പ്രശ്നം സൃഷ്ടിക്കുന്നു.**

CRZ III പ്രദേശത്തെ വികസനരഹിത മേഖലയിൽ (100-200 മീറ്റർ പ്രദേശം) ചില ഉപാധികളോടെ പരമ്പരാഗത തീരവാസികൾക്ക് (മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ച്) വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും അനു വാദം നല്കിയിരിക്കുന്ന വ്യവസ്ഥ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ വ്യവസ്ഥ പര മ്പരാഗത തീരവാസികൾക്ക് മുഴുവൻ ബാധകമാക്കിയിരിക്കുന്നതിനാൽ വിജ്ഞാ പനം ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ട്. ഇതുവഴി CRZ III പ്രദേശത്തെ വിക സനരഹിത മേഖലയിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയും തീരസ മ്പത്തിന് കൂടുതൽ മർദ്ദം അനുഭവപ്പെടുകയും ചെയ്യും. മത്സ്യത്തൊഴിലാളികൾക്ക്

അവരുടെ തൊഴിലിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി വാസ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് സാധ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഇത്തരത്തിലുള്ള ഒരു ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെ ടുത്തണമെന്ന് മത്സ്യത്തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിരുന്നു.

- **സന്നിഗ്ദ്ധമർമ്മ പ്രധാന തീരപ്രദേശങ്ങൾ**

മർമ്മ പ്രധാന തീരപ്രദേശങ്ങൾ എന്ന ആശയം അവതരിപ്പിച്ചിരിക്കുന്നു. ഇവയുടെ പരിപാലനത്തിൽ നിന്ന് മത്സ്യത്തൊഴിലാളികൾ ഒഴിവാക്കപ്പെട്ട് മുകളിൽ നിന്ന് പരി പാലനമുറകൾ നടപ്പിലാക്കപ്പെടുമെന്നുള്ള ഭീഷണി നിലവിലുണ്ട്. ഇതിനുപകരമായി സമൂഹ പരിപാലിത തീരദേശ റിസർവുകൾ ആവശ്യമാണെന്നാണ് മത്സ്യത്തൊഴിലാളി കൾ ആവശ്യപ്പെട്ടിരുന്നത്.

- **മുമ്പൈയിലെ ചേരി പുനരധിവാസം**

മുംബൈയ്ക്ക് പ്രത്യേക ആനുകൂല്യം എന്ന നിലയിൽ വർദ്ധിപ്പിച്ച തറവിസ്തീർണ്ണ ത്തോടെയുള്ള ചേരി പരിഷ്കരണം അനുവദിച്ചിരിക്കുന്നു. കണ്ടൽപ്രദേശങ്ങൾ, കടൽനിരപ്പ് ഉയരുന്ന ഭീഷണി നിലനില്ക്കുന്ന പ്രദേശങ്ങൾ തുടങ്ങിയ മർമ്മ പ്രധാന പ്രദേശങ്ങളിൽ ചേരി പുനരധിവാസം അനുവദിച്ചിരിക്കുന്നത് ചോദ്യം ചെയ്യപ്പെടേണ്ട താണ്. തറവിസ്തീർണ്ണവികസനം ചേരി നിവാസികൾക്കല്ല പ്രയോജനപ്പെടുന്നത് മറിച്ച് അധിക കെട്ടിടങ്ങൾ നിർമ്മിച്ച് മറ്റുള്ളവർക്ക് നല്കി ലാഭം ഉണ്ടാക്കുന്നതിന് സ്വകാര്യ കെട്ടിട നിർമ്മാതാക്കൾക്ക് അവസരം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. മുംബൈ കടലോരത്ത് വർദ്ധിച്ച രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഈ വിജ്ഞാപനം മൂലം കടന്നു കയറുന്നതാണ്.

- **പ്രാദേശിക പരിസ്ഥിതി ആഘാത വിശകലനങ്ങൾക്ക് വ്യവസ്ഥ ഇല്ല.**

ഓരോ പദ്ധതികൾക്കും അനുവാദം നല്കുന്നതിന് പ്രാദേശിക പരിസ്ഥിതി ആഘാത വിശകലനം ഒരു മാനദണ്ഠമായി ഉപയോഗപ്പെടുത്തണമെന്ന് 2011 വിജ്ഞാപനം വ്യ വസ്ഥ ചെയ്യുന്നില്ല. തീരത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ പരി മിതി കണക്കിലെടുക്കുമ്പോൾ നിലവിലുള്ളതും പുതുതായി നിർദ്ദേശിക്കപ്പെടുന്നതു

മായ പദ്ധതികളുടെ മൊത്ത പരിസ്ഥിതി ആഘാതം പരിഗണിക്കണമെന്ന ഒരു വ്യവസ്ഥ അത്യാവശ്യമായിരുന്നു.

**തീരമേഖലാ പരിപാലന പദ്ധതികൾ കൂടെക്കൂടെ ഭേദഗതി ചെയ്യുന്നതിന് അനുവാദം**

അഞ്ചുവർഷം കഴിയുമ്പോൾ (ചിലപ്പോൾ അതിലും കുറഞ്ഞ കാലയളവിലും) തീരമേഖലാ പരിപാലന പദ്ധതികളെ ഭേദഗതി ചെയ്യുന്നതിന് ഈ വിജ്ഞാപനം അനുവാദം നല്കിയിരിക്കുന്നു. തീർമേഖലാ പരിപാലന പദ്ധതികൾ പത്തു വർഷത്തിലൊരിയ്ക്കൽ മാത്രമേ ഭേദഗതി ചെയ്യാവൂ എന്ന് മത്സ്യത്തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിരുന്നതാണ്. കൂടെക്കൂടെയുള്ള ഭേദഗതികളിൽ കൂടി തീരമേഖലയുളട തരം തിരിവ് പുനർ നിർണ്ണയിക്കുന്നത് വഴി നിയന്ത്രണ ചട്ടക്കൂടിനെ ദുർബലപ്പെടുത്തുന്നതാണ്.

**മേഖലാ പുനർ നിർണ്ണയം സാദ്ധ്യമാകുന്നു**

കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടിക്ക് ഒരു നിർദ്ദേശം സമർപ്പിച്ചാൽ മേഖലാ പുനർ നിർണ്ണയം വഴി CRZ III പ്രദേശങ്ങളെ (ഗ്രാമ പ്രദേശങ്ങളെ (ഗാമ പ്രദേശങ്ങളെ) CRZ II പ്രദേശങ്ങളായി മാറ്റാവുന്നതാണ് എന്ന സാദ്ധ്യത നിലനില്ക്കുന്നു. (നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇതര വികസന പ്രവർത്തനങ്ങൾക്കും CRZ II പ്രദേശങ്ങളിൽ വളരെ ചെറിയ നിയന്ത്രണങ്ങൾ മാദ്രമേ നിലവിലുള്ളു)ഭ 1991 ലെ വിജ്ഞാപന പ്രകാരവും ഇത്തരത്തിലുള്ള ഒട്ടനവധി മേഖലാ പുനർ നിർണ്ണങ്ങൾക്ക് അംഗീകാരം ലഭ്യമാകുകയും അത്തരം പ്രദേശങ്ങളിലൊക്കെ വിജ്ഞാപനത്തിന്റെ അന്തസ്സത്തക്ക് നിരക്കാത്ത രീതിയിലുള്ള വർദ്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ കടന്നു വരികയും ചെയ്തിട്ടുണ്ട്. ഇത്തരം മേഖലാ പുനർ നിർണ്ണയങ്ങൾ നിരന്തരം പരിഗണിക്കപ്പെടുന്നതു കൊണ്ട് വിവിധ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികളിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രാതിനിധ്യം വളരെയേറെ പ്രാധാന്യമർഹിക്കുന്നു.

4. **2011 ലെ തീര നിയന്ത്രണ മേഖലാ വിജ്ഞാപനത്തിലെ ഏതെല്ലാം വ്യവസ്ഥ കൾ മത്സ്യത്തൊഴിലാളി സമൂഹത്തിന് ഉപയോഗപ്രദമാകുന്നുണ്ട്. അത്തരം വ്യ വസ്ഥകളെപ്പറ്റി സമൂഹം പരിചയപ്പെട്ടിരിക്കേണ്ടതാണ്.**

- **തീരുമാനങ്ങൾ എടുക്കുന്നതിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രാതിനിധ്യം**

  ഈ വിജ്ഞാപനത്തിനെ നടപ്പാക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും സംസ്ഥാന / യൂണിയൻ ടെറിട്ടറി തല കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികളെ സഹാ യിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പി ക്കുന്ന ജില്ലാ തല സമിതികളിൽ പരമ്പരാഗത തീരസമൂഹത്തിന്റെ പ്രതേകിച്ച് മത്സ്യ ത്തൊഴിലാളി സമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്ന വ്യവസ്ഥ 2011 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (പാര 6 (സി)

- **ആസൂത്രണത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന് പങ്ക്**

  തീരദേശ പരിപാലന പദ്ധതികൾക്ക് അന്തിമമായി അംഗീകാരം നല്കുന്നതിന് മുൻപ് അവ വിവിധതലങ്ങളിൽ കൂടിയാലോചനയ്ക്ക് വിധേയമാക്കണമെന്ന് 2011 വിജ്ഞാപനം വ്യവസ്ഥ ചെയ്യുന്നുണ്ട്. ബന്ധപ്പെട്ടവരുടെ നിർദ്ദേശങ്ങൾ കരട് തീര ദേശ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. [(പാര 5 (ii) (vi) (vii) അനുബന്ധം 1 പാര (iv)] പദ്ധതിയുടെ രൂപീകരണത്തിൽ ഈ വ്യവസ്ഥ മത്സ്യത്തൊഴിലാളി സമൂഹത്തിന് ഒരു അവസരമാണ്.

  മത്സ്യത്തൊഴിലാളി സമൂഹം അവരുടെ ഉപജീവനത്തിനു ഇതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന പൊതു സ്വത്തുക്കൾ (ജട്ടികൾ, മത്സ്യം ഉണക്കുന്ന പ്രദേശങ്ങൾ, മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ മുതലയവ) തീരമേഖല മാനേജ്മെന്റ് പദ്ധതികളിൽ രേഖപ്പെടുത്തണമെന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾക്കനുസൃതമായി പരിപാലന പദ്ധതികളിൽ തീരഭൂമി നിയോഗരീതി ഫ്രതിഫലിപ്പിക്കാനും അതുവഴി ഇതര സമൂഹങ്ങൾ തീരപ്രേദേശം കൈവശപ്പെടുത്തി മത്സ്യത്തൊഴിലാളികൾ തീരപ്രദേശത്തു നിന്ന്

ഒഴിവാക്കപ്പെടുന്ന സ്ഥിതി സൃഷ്ടിക്കപ്പെടാതിരിക്കുന്നതിനും ഇതൊരു അവസരമായി കാണേണ്ടതാണ്.

- **മത്സ്യഗ്രാമങ്ങളുടെ ആസൂത്രണം**

ശുചിത്വം ഉൾപ്പെടെയുള്ള പ്രാഥമിക സേവനങ്ങൾ അത്യാഹിത മാനേജ്മെന്റ് സുരക്ഷ, എന്നിവയൊക്കെ കണക്കിലെടുത്ത്, തീരദേശ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ദീർഘകാല ഭവന ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരുകൾ ഒരു വിശദമായ പദ്ധതി തയ്യാറാക്കണമെന്ന് തീരദേശ പരിപാല പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ (അനുബന്ധം 1) അനുശാസിക്കുന്നു. മത്സ്യ ഗ്രാമങ്ങളുടെ ആസൂത്രിത വികസനത്തിനും വാസഗൃഹങ്ങളുടെ മെച്ചപ്പെടുത്തലിനുമായി ബന്ധപ്പെട്ട സംസ്ഥാന / യൂണിയൻ ടെറിട്ടറി സർക്കാരുകളുമായി ഒത്തു ചേർന്ന് മത്സ്യത്തൊഴിലാളി സമൂഹം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. (അനുബന്ധം 1, പാര II (7))

## 5. മത്സ്യത്തൊഴിലാളി സമൂഹ ഭവനങ്ങളും ബന്ധപ്പെട്ട സൗകര്യങ്ങളും

- **വാസഗൃഹങ്ങളെ വ്യവസ്ഥാപിതമാക്കുക.**

1991 വിജ്ഞാപനപ്രകാരം അനുവദനീയമായതും എന്നാൽ ഇതുവരെയും അംഗീകാരം ലഭ്യമായിട്ടില്ലാത്തതുമായ മത്സ്യത്തൊഴിലാളി ഭവനങ്ങളെ താഴെപ്പറയുന്ന ഉപാധികൾക്കു വിധേയമായി വ്യവസ്ഥാപിതമാക്കുന്നതാണ്. (1) അവ എന്തെങ്കിലും വ്യവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലെങ്കിൽ (11) പരമ്പരാഗത തീര സമൂഹത്തിലല്ലാത്തവർക്കു കൈമാറ്റം ചെയ്തിട്ടില്ലെങ്കിൽ (പാര 6 (d) ഈ വ്യവസ്ഥാപിതമാക്കൽ മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനകരമാകുന്നതാണ്.

- **വാസ ഗൃഹങ്ങളുടെ റിപ്പയർ, പുനർനിർമ്മാണം**

പ്രാദേശിക സമൂഹത്തിന്റെ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ CRZ പ്രദേശത്തെ ഭവനങ്ങളുടെ റിപ്പയർ / പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിലുള്ള പ്രാദേശിക ടൗൺ / കൺട്രി പ്ലാനിംഗ് നിയന്ത്രണങ്ങൾക്കു വിധേയമായി അനുവദിക്കാവുന്നതാണ് (പാര 3 (e)

- **CRZ III മേഖലയിലെ 200–500 മീറ്റർ പ്രദേശത്തെ വാസഗൃഹങ്ങളുടെ നിർമ്മാണ / പുനർ നിർമ്മാണ പ്രവർത്തനങ്ങൾ**

- പരമ്പരാഗത അവകാശ / ആചാര പ്രകാരമായ ഉപയോഗങ്ങൾക്കനുസൃതമായ 200 -500 മീറ്റർ പ്രദേശത്തെ വാസഗൃഹങ്ങളുടെ നിർമ്മാണ / പുനർനിർമ്മാണ പ്രവർത്ത നങ്ങൾ 1991 വിജ്ഞാപന പ്രകാരം അനുവദിച്ചിരുന്നു. ഇവയുടെ മൊത്ത ഉയരം 9 മീറ്ററിൽ കൂടാൻ പാടില്ലെന്നും, ഇരു നിലയിൽ കൂടാൻ പാടില്ലെന്നും നിഷ്കർച്ചിരു ന്നു. കൂടാതെ പ്രാദേശിക സർക്കാർ നിയമങ്ങൾ പാലിയ്ക്കപ്പെടണമെന്നും നിഷ്ക്കർച്ചിരുന്നു. [പാര 8, III (CRZ III) b (VI) 2011] വിജ്ഞാപനത്തിൽ ചെറിയ ഇളവുകൾ വരുത്തിയിരിക്കുന്നു. നിലവിലുള്ള വീടുകളുടെ എണ്ണത്തിന്റെ ഇരട്ടിയിൽ കൂടുതൽ അനുവദിക്കില്ലെന്നും, ഭൂവിസ്തൃതിയുടെ മുന്നിലൊന്നിൽ കൂടുതൽ കെട്ടിട തറ വിസ്തീർണ്ണം പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ ഇളവനുവദിച്ചിരിക്കുന്നു.

- **CRZ III മേഖലയിലെ വികസന രഹിത മേഖലയിലെ ഇളവ്**

  വികസന രഹിത മേഖലയിലെ 100-200 മീറ്റർ പ്രദേശത്ത് പ്രാദേശിക സമൂഹത്തിന്റെ വിശേഷിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വാസഗൃഹങ്ങളുടെ നിർമ്മാണ / പുനർ നിർമ്മാണത്തിന് ഇളവ് അനുവദിച്ചിരിക്കുന്നു. പക്ഷേ ഇതു തീരസമൂഹവുമായി കൂടി യാലോചിച്ച് സംസ്ഥാന / യൂണയൻ ടെറിട്ടറി സർക്കാർ തയ്യാറാക്കുന്ന സമഗ്രപദ്ധതി വ്യവസ്ഥകൾക്കനുസൃതമായിട്ടായിരിക്കും. [പാര 8, III (CRZ III) A (ii)] പക്ഷേ മുൻപ് സൂചിപ്പിച്ചതുപോലെ 100-200 മീറ്റർ പ്രദേശത്ത് അഹിതമായ നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടാകുമെന്ന അപകടം പതിയിരിക്കുന്നു.

- **വികസന രഹിത മേഖലയിലെ സൗകര്യങ്ങൾ**

  മീൻ ഉണക്കൽ യാഡുകൾ, ലേല ഹാളുകൾ വല റിപ്പയർ യാഡുകൾ, പരമ്പരാഗത ബോട്ടുനിർമ്മാണ ശാലകൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊട്ടിക്കൽ യൂണിറ്റുകൾ, ചെറുകിട മത്സ്യസംസ്കരണ സൗകര്യങ്ങൾ തുടങ്ങിയ പ്രാദേശിക മത്സ്യത്തൊഴിലാളി സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങൾ 2011 വിജ്ഞാപന പ്രകാരം CRZ III

യിലെ വികസന രഹിത മേഖലയിൽ അനുവദിച്ചിരിക്കുന്നു. [പാര 8, III (CRZ III) A (iii) (e)]

പ്രാദേശിക സമൂഹത്തിന് ആവശ്യമായ ഡിസ്പൻസറികൾ, സ്കൂളുകൾ, മഴ ഷെൽട്ടറുകൾ, പൊതു കക്കൂസുകൾ, പാലങ്ങൾ, റോഡുകൾ, ജലവിതരണ സൗകര്യങ്ങൾ, ഡ്രെയിനേജ്, മാലിന്യ നിർമ്മാർജ്ജനം ശ്മശാനങ്ങൾ, വൈദ്യുതി സബ് സ്റ്റേഷനുകൾ എന്നിവയ്ക്ക് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടിയുടെ വെവ്വേറെ അംഗീകാരത്തോടെ അനുവാദം നല്കിയിരിക്കുന്നു. [പാര 8, III (CRZ III) A (iii) (j)]

- **മുംബൈയിലെ കോളിവാഡാസിന് പ്രത്യേക വ്യവസ്ഥകൾ**

മുബൈയിലെ കോളിവാഡാസിന് (മത്സ്യത്തൊഴിലാളി വാസ സങ്കേതങ്ങൾ) ഒരു പ്രത്യേക ആനുകൂല്യം നല്കിയിരിക്കുന്നു. ഇവ രേഖപ്പെടുത്തുകയും CRZ III ൽ ഉൾപ്പെടുത്തുകയും ചെയ്യും. ഇവിടെ മത്സ്യത്തൊഴിലാളി വാസ ഗൃഹങ്ങളുടെ പുനരുദ്ധാരണ / പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ അനുവാദം നല്കുന്നതാണ്. മുബൈയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരമ്പരാഗത കൈവശഭൂമിയും അവകാശങ്ങളും നിലനിർത്തുന്നതിന് ഈ വ്യവസ്ഥ സഹായകമാകുന്നു. ചേരി പരിഷ്കരണ വ്യവസ്ഥകളിൽ ഉൾപ്പെടുത്താതെ തന്നെ മത്സ്യത്തൊഴിലാളി വാസ സങ്കേതങ്ങൾ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളുടെ ദീർഘകാല വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഈ വ്യവസ്ഥ സഹായകമാകുന്നതാണ്.

- **വിവര ലഭ്യത**

CRZ മായി ബന്ധപ്പെട്ട തീരപരിലാന പദ്ധതികൾ അംഗീകാരങ്ങൾ, ലംഘനങ്ങൾ, ലംഘനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ, കോടതി ഉത്തരവുകൾ എന്നിവ പൊതു സമൂഹത്തിന് ലഭ്യമാക്കിയിരിക്കണമെന്നത് 2011 വിജ്ഞാപനത്തിൽ നിയമപരമാക്കിയിരിക്കുന്നു. കോസ്റ്റൽ സോൺ  മാനേജ്മെന്റ് അതോറിട്ടിയോട് രേഖാമൂലം ആവശ്യപ്പെട്ടാൽ CRZ നെ സംബന്ധിച്ച ഏതു വിവരവും ലഭ്യമാക്കുന്നതാണ്. ഇതു കൂടാതെ സംസ്ഥാന/ യൂണിയൻ ടെറിട്ടറി  കോസ്റ്റൽസോൺ  മാനേജ്മെന്റ് അതോറിട്ടികളുടെ വെബ്സൈറ്റിൽ മീറ്റിംഗുകളുടെ കാര്യപരിപാടി, തീരുമാനങ്ങൾ/ അംഗീകാ

രങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. സംസ്ഥാന/യൂണിയൻ ടെറിട്ടറി വെബ്സൈറ്റുകൾ ഇത് ഉറപ്പു വരുത്തേണ്ടതാണ്.

## തീരജല മലിനീകരണം പരിസ്ഥിതി ശോഷണം എന്നിവയുടെ നിയന്ത്രണം

12 നോട്ടിക്കൽ മൈൽ വരെയുള്ള ടെറിട്ടോറിയൽ കടൽഭാഗവും, വേലിയേറ്റ്-വേലിയിറക്ക ബാധിത ജലാശയങ്ങളും CRZ VI ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പ്രദേശത്തെ പരിസ്ഥിതി വിനാശ പ്രവർത്തനങ്ങൾ ഈ വിജ്ഞാപനം വഴി നിയന്ത്രിച്ചിരിക്കുന്നു. ഉദാഹരണത്തിന് സംസകരിയ്ക്കാത്ത മാലിന്യങ്ങൾ മലിനദ്രാവകങ്ങൾ, പരുക്കൻ ധാതുക്കളുടങ്ങിയ ജലം, ഫൈ്ള ആഷ് ഖരമാലിന്യങ്ങൾ, കപ്പൽ മാലിന്യം (മത്സ്യകൃഷി പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാ വിധ പ്രവർത്തങ്ങളിൽ നിന്നും) എന്നിവയൊക്കെ നിരോധിച്ചിരിക്കുന്നു. എണ്ണ പര്യവേഷണം, മൈനിംഗ്, ബോട്ട്ഹൗസ്, കപ്പലുകൾ എന്നിവയിലെ മാലിന്യങ്ങൾ CRZ VI പ്രദേശത്ത് നിയന്ത്രിക്കേണ്ടതാണ് (പാര 8, VI (a) , (b).

വ്യവസായശാലകൾ, പട്ടണങ്ങൾ, നഗരങ്ങൾ, ഇതര മനുഷ്യവാസ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുള്ള സംസ്കരിക്കാത്ത മാലിന്യങ്ങളോ മലിനദ്രാവകങ്ങളോ തീരദേശനിയന്ത്രിത മേഖലയിലേക്ക് ഒഴുക്കിവിടുന്നത്. ഈ വിജ്ഞാപനം നിലയിൽ വന്ന് (6.1.2011) രണ്ടു വർഷത്തിനുള്ളിൽ ഘട്ടം ഘട്ടമായി ഒഴിവാക്കുന്നുവെന്ന് എല്ലാ തീരദേശ സംസ്ഥാനങ്ങളും ഉറപ്പു വരുത്തേണ്ടതാണ്. ഖരമാലിന്യങ്ങൾ ഈ പ്രദേശത്ത് കൊണ്ടിടുന്നത് വിജ്ഞാപന തീയതി മുതൽ ഒരു വർഷത്തിനകം ഘട്ടഘട്ടമായി ഒഴിവാക്കേണ്ടതാണ്.

തീര പരിസ്ഥതിശോഷണവും ജലമലിനീകരണവും മത്സ്യത്തൊഴിലായികൾക്ക് ഏറ്റവും ആശങ്കയുള്ള പ്രശ്നമായതിനാൽ ഈ വ്യവസ്ഥ പ്രയോജനകരമാകുന്നതാണ്. പക്ഷേ ഇതിന്റെ നടപ്പാക്കൽ നിരീക്ഷണത്തിൽ മത്സ്യത്തൊഴിലാളി സമൂഹം ഒരു പ്രധാന പങ്ക് വഹിക്കേണ്ടുന്നതും, ആയത് എല്ലാ വിഭാഗങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടുന്നതുമാണ്.

## 5. ലംഘനങ്ങൾ തടയുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്ക്

മത്സ്യത്തൊഴിലാളി സമൂഹങ്ങൾ ഇൻഡ്യയുടെ തീരത്തു മുഴുവനായി വ്യാപിച്ചു കിടക്കുന്നു. തീരത്തും തീരക്കടലിലും നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി ഏറ്റവും നന്നായി

അറിയുന്നതും ഈ സമൂഹം തന്നെ. തീരപരിസ്ഥിതി സംരക്ഷണത്തിനായി 2011 ലെ തീര ദേശ നിയന്ത്രണ വിജ്ഞാപനം ഫലപ്രദമായി നടപ്പാക്കേണ്ടതും ഇവരുടെ താല്പര്യ വിഷയ മാണ്. 1991 വിജ്ഞാപനത്തിന്റെ മോശമായ നടപ്പാക്കൽ മൂലം തീരത്ത് നിയമാനുസൃതമ ല്ലാത്ത പല പ്രവർത്തനങ്ങളും നടന്നു. അത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനേയും ഉപ ജീവനത്തേയും ബാധിച്ചിട്ടുണ്ട്. ഇത് ഇനി ആവർത്തിയ്ക്കാതിരിക്കണ മെങ്കിൽ സമൂഹം ജാഗരൂകരായിരിക്കണം.

തീര നിയന്ത്രണ വിജ്ഞാപന (2011) ത്തിന്റെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ഏതെല്ലാ മാണെന്ന് ഈ സമൂഹം തിരിച്ചറിയേണ്ടത് ഏറ്റവും പ്രാധാന്യം അർഹിക്കുന്നു. സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികളിൽ നിന്ന് തീരദേശ പരിപാലന പദ്ധതികൾ അവർക്ക് ലഭിയ്ക്കേണ്ടതുണ്ട്. 2011 വിജ്ഞാപന പ്രകാരമുള്ള തീർദേശ പരിപാലന പദ്ധതി കൾ രൂപപ്പെടുത്തുന്നതുവരെ 1991 വിജ്ഞാപന പ്രകാരമുള്ള തീർദേശ പരിപാലന പദ്ധ തികൾക്ക് പ്രാബല്യമുണ്ട് എന്ന് ഈ അവസരത്തിൽ മനസ്സിലാക്കേണ്ടതാണ്.

## CRZ I, II, III പ്രദേശങ്ങളിലെ ലംഘനങ്ങൾ

ഏതു വിഭാഗത്തിലെ തീര നിയന്ത്രണ മേഖലയിലേയും, വലിയ പ്രോജക്ടുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി സമൂഹങ്ങൾ എപ്പോഴും ജാഗരൂകരാകേണ്ടതാ ണ്. ഏതെങ്കിലും ഒരു പ്രവർത്തനം 2011 വിജ്ഞാപനത്തെ ലംഘിക്കുന്നു എന്നു സംശയം തോന്നിയാൽ ഏതാനും നടപടികൾ എടുക്കാവുന്നതാണ്.

- ആ പദ്ധതിയെപ്പറ്റി കഴയുന്നത്ര വിവരങ്ങൾ ശേഖരിക്കുക- പദ്ധതി ഏറ്റെടുത്തിരി ക്കുന്ന കമ്പനി, സർക്കാർ വകുപ്പ്/ ഏജൻസി, വ്യക്തികൾ എന്നിവയും പ്രദേശത്തിന്റെ യഥാർത്ഥ ലൊക്കേഷൻ/ ( സർവ്വേ നമ്പർ ) തുടങ്ങിയ
- ഈ പദ്ധതിക്ക് കോസ്റ്റൽ സോൺ മനേജ്മെന്റ് അതോറിട്ടിയുടെ അംഗീകാരം ലഭി ച്ചിട്ടുണ്ടോ എന്ന് വെബ്സൈറ്റ് വഴി പരിശോധിക്കുക. അംഗീകാരം ലഭിച്ചിട്ടില്ല എന്നു ബോധ്യപ്പെട്ടാൽ അതോറിട്ടിയിൽ നിന്ന് കൂടുതൽ വ്യക്തത ആവശ്യപ്പെടുക. വിവരങ്ങൾ വെബ് സൈറ്റിൽ ഉൾക്കൊള്ളിക്കാൻ ആവശ്യപ്പെടുക.

- അതോറിട്ടി അംഗീകരിച്ച പദ്ധതി അല്ലേങ്കിൽ വനം പരിസ്ഥിതി മന്ത്രാലയത്തിനും ബന്ധപ്പെട്ട സംസ്ഥാന/ യൂണിയൻ ടെറിട്ടറി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടിക്ക് പരാതി അയക്കുക. പരാതിയുടെ കോപ്പി നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറിക്ക് കൂടി നല്കുക.

- അംഗീകാരമുള്ള പദ്ധതികളാണെങ്കിലും അംഗീകാര വ്യവസ്ഥകൾ ലംഘിയ്ക്കപ്പെ ടുന്നതിന് സാധ്യത ഉണ്ട്. ആയതിനാൽ പദ്ധതി അംഗീകരാത്തിന്റെ പകർപ്പ് പരി ശോധിക്കുന്നത് ഉചിതമായിരിക്കും.

- CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ലംഘിച്ചാണ് അംഗീകാരം നല്കിയിരിക്കു ന്നത്. എന്നു സംശയം തോന്നിയാൽ (തീരദേശ പലിപാലന പദ്ധതി നോക്കുക), പദ്ധതി മൂലം പരിസ്ഥിതി ആഘാതം സംഭവിയ്ക്കുമെന്നു തോന്നിയാൽ നിങ്ങളുടെ വാദം ബലപ്പെടുത്തുന്നതിനും ലംഘനത്തിന്റെ രീതി വ്യക്തമാക്കുന്നതിനുമായി കഴിയുന്നത്ര വിരവങ്ങൾ - പ്രവർത്തനത്തിന്റെ തരം, നിലവിലുള്ളതും സംഭവ്യവു മായ പദ്ധതി ആഘാതങ്ങൾ ലംഘനങ്ങളുടെ ഫോട്ടോകൾ, ഗൂഗിൽ എർത്ത് വഴി ലൊക്കേഷൻ അടയാളപ്പെടുത്തൽ എന്നിവ ശേഖരിക്കുക.

- എല്ലാ പരാതികളും, ബന്ധപ്പെട്ട സംസ്ഥാന/ യൂണിയൻ ടെറിട്ടറി കോസ്റ്റർ സോൺ മാനേജ്മെന്റ് അതോറിട്ടികൾക്കും വനം-പരിസ്ഥിതി മന്ത്രാലത്തിനും അയക്കുക. പകർപ്പ് നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറിക്കും നല്കുക. ബന്ധപ്പെട്ട മേൽവിലാസങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

- ഏതെങ്കിലും വിവരം ലഭിക്കുന്നതിന് പ്രയാസമാണെങ്കിൽ അവ വിവരാവകാശ നിയമപ്രകാരം സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി, ഗ്രാമപഞ്ചാ യത്ത്/ മുൻസിപ്പാലിറ്റികൾ, വനം പരിസ്ഥിതി മന്ത്രാലയം എന്നിവിടങ്ങളിൽ നിന്ന് ശേഖരിയ്ക്കാവുന്നതാണ്.

## CRZ IV ലെ ലംഘനങ്ങൾ

**(ടെറിട്ടോറിൽ മേഖലയും വേലിയേറ്റ, വേലിയിരക്ക ബാധിത ജലാശയങ്ങളും)**

തീര ജലാശയങ്ങളിൽ മലിനീകരണം നടത്തുന്നതിനെതിരെ സമൂഹം ജാഗ്രത പുലർത്തേണ്ടതാണ്. അത്തരം സംഗതികൾ (ഫോട്ടോ ഗ്രാഫ്, വാഹനത്തിന്റെയോ യാനങ്ങളുടെ നമ്പർ/ പേര്, ലൊക്കേഷൻ എന്നിവ) ഉചിതനടപടികൾക്കായി സംസ്ഥാന / യൂണിയൻ ടെറിട്ടറി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടിയുടേയും വനം പരിസ്ഥിതി മന്ത്രാലത്തിന്റേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

## 1991 ലെ തീര നിയന്ത്രണമേഖലാ വിജ്ഞാപനത്തിന്മേലുള്ള ലംഘനങ്ങൾ

1986- ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 5 പ്രകാരം 2011 ജനുവരി 25-ാം തീയതി വനം പരിസ്ഥിതി മന്ത്രാലയം എല്ലാ സംസ്ഥാന/ യൂണിയൻ ടെറിട്ടറി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികൾക്കും തഴെപറയുന്നവ ഉൾപ്പെടുത്തി ഒരു നിർദ്ദേശം (മെമ്മോ ന: 11-83/2005- IA – III തീയതി 25.1.2011) നല്കിയിരിക്കുന്നു.

a) 1991 തീരനിയന്ത്രണ വിജ്ഞാപനത്തിന്റേയും അതിന്മേൽ അംഗീകരിക്കപ്പെട്ട തീര മേഖലാ പദ്ധതികളിലേയും ലംഘനങ്ങൾ ഈ നിർദ്ദേശം ലഭിച്ച് 4 മാസത്തിനകം കണ്ടേത്തേണ്ടതാണ്.

b) അപ്രകാരം കണ്ടെത്തിയ ലംഘനങ്ങൾക്കെതിരെ 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമ പ്രകാരം പിന്നീടുള്ള 4 മാസത്തിനുള്ളിൽ നടപടികൾ ആരംഭിക്കേണ്ടതാണ്.

c) പാര (a), (b) പ്രകാരം കണ്ടെത്തിയ ലംഘനങ്ങൾ, എടുത്ത നടപടികൾ എന്നിവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ പക്ഷം തോറും വെബ് സൈറ്റിൽ നല്കേണ്ടതാണ്.

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ നടന്ന ലംഘനങ്ങൾ വെളിച്ചത്തു കൊണ്ടു വരുന്നതിനും സംസ്ഥാന / യൂണിയൻ ടെറിട്ടറി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികൾ വനം പരിസ്ഥിതി മന്ത്രാലയം എന്നിവകളുടെ ഉത്തരവാദിത്വം ഡിമാന്റ് ചെയ്യുന്നതിനും ഇതൊരു അവസരമാണ്.

നിലവിലുള്ള ലംഘനങ്ങളെപ്പറ്റി ലഭിക്കാുവന്നത്ര വിവരങ്ങൾ (മുൻപ് സൂചിപ്പിച്ചതു പോലെ) ശേഖരിച്ച് പരാതികൾ സംസ്ഥാന / യൂണിയൻ ടെറിട്ടറി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടികൾക്കും, വനം-പരിസ്ഥിതി മന്ത്രാലയത്തിനും അയയ്ക്കുക. പകർപ്പ് നാഷണൽ ഷിപ്പ് വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറിക്കും നല്കുക.

# അനുബന്ധം

## പ്രധാനപ്പെട്ട വെബ്സൈറ്റുകളും മേൽവിലാസങ്ങളും

വെബ് സൈറ്റുകൾ

സർക്കാർ ഏജൻസികൾ

നാഷണൽ : വനം പരിസ്ഥിതി മന്ത്രാലയം

www.moef.nic.in

http://envfor.nic.in/legis/crz.htm

http:// moef.nic.in/modules/others/?f=press-releases

http://moef.nic.in/modules/publicinformtion/orders-guidelines/

സംസ്ഥാന തലം

കേരളം http://www.kerenvis.nic.in/kczma/

**മേൽവിലാസങ്ങൾ**

| | |
|---|---|
| വനം- പരിസ്ഥിതിമന്ത്രാലയം<br>റീജിയണൽ ഓഫീസ് | **സതേൺ സോൺ, ബാംഗലൂരു**<br>**ശ്രീ. കെ. എസ്. റെഡ്ഡി**<br>ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ (സെൻട്രൽ) ഇ&എഫ് വിംഗ്<br>ബ്ളോക്ക് കൊറമംഗല, ബംഗലൂരു 560034<br>ഫോൺ 080- 25537184<br>ഫാക്സ് - 808- 25537184 |
| നാഷണൽ കോസ്റ്റൻ<br>സോൺ മാനേജ്മെന്റ്<br>അതോറിട്ടി | **ചെയർമാൻ**<br>**നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി**<br>**മിനിസ്ട്രി ഓഫ് ഫോറസ്റ്റ് ഗവൺമെന്റ് ഓഫ് ഇൻഡ്യ**<br>പര്യാവരൺ ഭവൻ<br>സി.ജി.ഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി- 110003 |
| സംസ്ഥാന കോസ്റ്റൽ സോൺ<br>മാനേജ്മെന്റ് (അതോറിട്ടി) | (1) **ചെയർമാൻ**<br>**കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി**<br>ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം - 4 |
| | (2) **മെമ്പർ സെക്ട്രറി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി & ഡയറക്ടർ, സയൻസ് ടെക്നോളജി & എൻവയർമെന്റ് കൗൺസിൽ**<br>ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം - 4 |
| നാഷണൽ ഫിഷ്<br>വർക്കേഴ്സ് ഫോറ് | **ശ്രീ. പ്രദീപ് ചാറ്റർജി**<br>20/4 സിൽ ലെയിൻ, കൊൽക്കത്ത, വെസ്റ്റ് ബംഗാൾ<br>ഇൻഡ്യാ. ഇ.മെയിൽ- pradipdisha@gmail.com |


KERALA
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram